# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1407 | 11.06.2019-ന് മറുപടിയ്ക്ക് |
|---|---|

## കാട്ടാക്കട മണ്ഡലത്തിലെ ഭൂമി ഏറ്റെടുക്കൽ

| ചോദ്യം<br>ശ്രീ.ഐ.ബി. സതീഷ് | ഉത്തരം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | അബ്ദുൾകലാം ശാസ്ത്രസാങ്കേതിക സർവ്വകലാശാലയ്ക്ക് ഭൂമി ഏറ്റെടുക്കലിനായുള്ള നടപടി എന്തായെന്ന് വിശദമാക്കാമോ; അവശേഷിക്കുന്ന നടപടി എന്തെന്ന് വിശദമാക്കാമോ; | (എ) | അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കുന്നതിനുവേണ്ടി 24/12/2018-ലെ സ.ഉ (സാധ) 2297/2018/ഉ.വി.വ നമ്പർ പ്രകാരം തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിലെ വിളപ്പിൽ വില്ലേജിലെ 42.13.66 ഹെക്ടർ ഭൂമി ഏറ്റെടുക്കുവാൻ ഉത്തരവായിരുന്നു. പൊന്നുംവില നടപടിയുടെ ഭാഗമായി സംയുക്ത സ്ഥലപരിശോധന നടത്തിയതിൽ ഏറ്റെടുക്കേണ്ട ഭൂമിയിൽ അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ചിട്ടില്ലായെന്ന് കാണുകയും അലൈൻമെന്റ് കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം അർത്ഥനാധികാരിയായ സർവകലാശാല രജിസ്ട്രാർക്ക് നൽകിയിട്ടുള്ളതുമാണ്. അലൈൻമെന്റ് കല്ലുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സഹായം ലാൻഡ് അക്വിസിഷൻ ഓഫീസർ മുഖേന നൽകിവരുന്നു. അലൈൻമെന്റ് കല്ലുകൾ സ്ഥാപിക്കുന്ന മുറയ്ക്ക് നിലവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടു പോകുന്നതാണ്. |
| (ബി) | കാട്ടാക്കട മണ്ഡലത്തിലെ പുന്നാവൂർ പാലം നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; എസ് .ഐ .എ സ്റ്റഡി പൂർത്തിയായോ; തുടർനടപടികൾ വിശദമാക്കാമോ; | (ബി) | കാട്ടാക്കട മണ്ഡലത്തിലെ പുന്നാവൂർ പാലം നിർമ്മാണത്തിനായി 24/04/2019-ലെ സ.ഉ (സാധ)നം.1041/2019/റവ പ്രകാരം തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ വില്ലേജിലെ 0.16 ഹെക്ടർ ഭൂമി ഏറ്റെടുക്കുവാൻ ഉത്തരവായിരുന്നു. പോങ്ങുംമൂട്-പുന്നാവൂർ പാലവും അനുബന്ധ റോഡും നിർമ്മിക്കുന്നതിനുള്ള പൊന്നുംവില നടപടിയുടെ ഭാഗമായ സാമൂഹികാഘാതപഠനം നടത്തുവാൻ തിരുവനന്തപുരം ജില്ലയിലെ സാമൂഹികാഘാത പഠന യൂണിറ്റായി പ്ലാനെറ്റ് കേരളാ, തിരുവനന്തപുരത്തിന് 23/02/2019-ന് |

| | | | |
|---|---|---|---|
| | | | ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. എസ്.ഐ.എ റിപ്പോർട്ട് ലഭ്യമായതിനുശേഷം വിദഗ്ധ സമിതിയുടെ പരിശോധനയ്ക്ക് സമർപ്പിക്കുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ സമുചിത സർക്കാർ തീരുമാനം കൈക്കൊള്ളുകയും RFCTLARR Act, 2013-ലെ വ്യവസ്ഥകൾക്ക് വിധേയമായി നടപടി സ്വീകരിക്കുന്നതുമാണ്. |
| (സി) | കരമന-വെള്ളറട റോഡിനായുള്ള സ്ഥലം ഏറ്റെടുക്കൽ നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഏറ്റെടുക്കുന്ന ഭൂമിയുടെ വില നിർണ്ണയത്തെ സംബന്ധിച്ചും, തുടർനടപടിയെക്കുറിച്ചും വിശദമാക്കാമോ? | (സി) | കരമന-വെള്ളറട റോഡ് വികസനത്തിൽ ആദ്യ റീച്ച് ആയ കരമന മുതൽ കുണ്ടമൺകടവ് വരെയുള്ള പൊന്നുംവില നടപടിയിൽ സംയുക്ത സ്ഥലപരിശോധന പൂർത്തിയാക്കി RFCTLARR Act, 2013 പ്രകാരം സാമൂഹ്യാഘാത പഠനം നടത്തുന്നതിനായി 4(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതും പഠനം നടന്നുവരുന്നതുമാണ്. സാമൂഹികാഘാതപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ RFCTLARR Act, 2013-ലെ വ്യവസ്ഥകൾക്ക് വിധേയമായി നടപടി പൂർത്തിയാക്കുന്നതുമാണ്.<br><br>കരമന-വെള്ളറട റോഡ് വികസനത്തിൽ കുണ്ടമൺകടവ്-കാട്ടാക്കട, കാട്ടാക്കട-ചെമ്പൂര്, ചെമ്പൂര്-വെള്ളറട എന്നീ റീച്ചുകളിൽ സംയുക്ത സ്ഥലപരിശോധന നടന്നുവരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ